പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2470. 01-04-2013-ൽ മറുപടിക്ക്

## കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധ ന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഏർ പ്പെടുത്തിയ സംവിധാനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) കേരള ജല അതോറിറ്റിയുടെ ശുദ്ധീകരണ ശാലകളിൽ നിന്നും വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള ലബോറട്ടറികൾ ശുദ്ധീകരണ ശാലയോടനുബന്ധിച്ച് നിലവിലുണ്ട്. ഇത് കൂടാതെ, കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺ ട്രോൾ വിഭാഗത്തിന്റെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാതല ലാബുകൾ പ്രവർത്തിക്കുകയും, വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. അതോടൊപ്പം കേന്ദ്ര ഗവൺ മെന്റിന്റെ എൻ.ആർ. ഡിഡബ്ല്യു.പി. പദ്ധതി പ്രകാരം ഗ്രാമീണ ജലസ്രോതസ്സുകളിലെ ജലസാമ്പിളുകൾ ജില്ലാതല ക്വാളിറ്റി കൺ ട്രോൾ വിഭാഗം ശേഖരിച്ച് പരിശോധന നടത്തുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | മലിനജലം ശുദ്ധീകരിച്ചെടുക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതിനായി നിലവിൽ ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. |
| (സി) | ഉപരിതല ജലസ്രോതസ്സുകളും ഭൂഗർഭ ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ